മനുഷ്യന്റെ എല്ലാ ജീവിത വ്യവഹാരങ്ങളും ദൈവബോധത്തില ധിഷ്ഠിതമായിരിക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ഭൗതിക വ്യവഹാരങ്ങളിൽ ലയിച്ച് ദൈവത്തെ മറക്കാൻ പാടില്ല. ദൈവാരാധനയിൽ ലയിച്ച് ഭൗതിക വ്യവഹാരങ്ങളത്രയും വർജിക്കാനും പാടില്ല. ഭൗതിക ജീവിതത്തെ അതിന്റെ എല്ലാ നല്ല അർഥങ്ങളിലും അനുഭവിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരിക്കുക, ആരാധനകളും അനുഷ്ഠാനങ്ങളും പൂർണമായ രീതിയിൽ നിർവഹിച്ചുകൊണ്ട് ഭൗതിക ജീവിതത്തോടുള്ള ഉത്തരവാദിത്തങ്ങളും നിറവേറ്റുക; അതാണ് ഇസ്‌ലാം.



فِي بُيُوتٍ أَذِنَ اللَّهُ أَنْ تُرْفَعَ وَيُذْكَرَ فِيهَا اسْمُهُ يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَالْآصَالِ ﴿٣٦﴾

**36.** പടുത്തുയർത്തപ്പെടാനും അതിൽ ദൈവനാമം സ്മരിക്കപ്പെടാനും അല്ലാഹു അനുമതി നൽകിയിട്ടുള്ള ഭവനങ്ങളിൽ പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്നു.

رِجَالٌ لَا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَنْ ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ ۙ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ ﴿٣٧﴾

**37.** വ്യാപാരമോ കൊള്ളക്കൊടുക്കകളോ ദൈവവിചാരത്തിൽനിന്നും നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നതിൽനിന്നും സകാത്ത് കൊടുക്കുന്നതിൽനിന്നും അശ്രദ്ധരാക്കാത്ത ആളുകളാണവർ. ഹൃദയങ്ങൾ പതറിപ്പോവുകയും കണ്ണുകൾ മറിഞ്ഞുപോവുകയും ചെയ്യുന്ന ഒരു നാളിനെ ഭയപ്പെടുന്നവർ.

لِيَجْزِيَهُمُ اللَّهُ أَحْسَنَ مَا عَمِلُوا وَيَزِيدَهُمْ مِنْ فَضْلِهِ ۗ وَاللَّهُ يَرْزُقُ مَنْ يَشَاءُ بِغَيْرِ حِسَابٍ ﴿٣٨﴾

**38.** അവർ ചെയ്ത കർമങ്ങൾക്ക് അല്ലാഹു ഏറ്റം വിശിഷ്ടമായ പ്രതിഫലമരുളുന്നതിനും അവന്റെ അനുഗ്രഹം വർധിപ്പിച്ചുകൊടുക്കുന്നതിനുമാകുന്നു അവർ ഈ ചര്യ സ്വീകരിച്ചത്. അല്ലാഹു അവനിച്ഛിക്കുന്നവർക്ക് കണക്കില്ലാതെ കൊടുക്കുന്നുവല്ലോ.

**36–38**

فِي بُيُوتٍ = ഭവനങ്ങളിൽ   أَذِنَ اللَّهُ = അല്ലാഹു അനുവദിച്ചു, കൽപിച്ചു   أَنْ تُرْفَعَ = (പടുത്ത്) ഉയർത്തപ്പെടാൻ

وَيُذْكَرَ فِيهَا = അതിൽ സ്മരിക്കപ്പൊനും   اسْمُهُ = അവ(അല്ലാഹുവി)ന്റെ നാമം

يُسَبِّحُ لَهُ فِيهَا = അതിൽ അവന്ന് തസ്ബീഹ് ചെയ്യുന്നു (അവന്റെ വിശുദ്ധി വാഴ്ത്തിക്കൊണ്ടിരിക്കുന്ന)

بِالْغُدُوِّ = പ്രഭാതത്തിൽ   وَالْآصَالِ = പ്രദോഷത്തിലും   رِجَالٌ = ആളുകൾ (ആണവർ)

لَا تُلْهِيهِمْ = അവരെ അശ്രദ്ധരാക്കുന്നില്ല (അശ്രദ്ധരാക്കാത്ത)   تِجَارَةٌ = വ്യാപാരം(മോ)

وَلَا بَيْعٌ = കൊള്ളക്കൊടുക്കയും(യോ) ഇല്ല   عَنْ ذِكْرِ اللَّهِ = ദൈവവിചാരത്തിൽനിന്ന്

وَإِقَامِ الصَّلَاةِ = നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നതിൽനിന്നും   وَإِيتَاءِ الزَّكَاةِ = സകാത്ത് കൊടുക്കുന്നതിൽനിന്നും

| |
|---|
| അന്ന് മറിഞ്ഞുതിരിയും (പതറിപ്പോവുകയും) = تَتَقَلَّبُ فِيهِ ഒരു നാളിനെ = يَوْمًا അവർ ഭയപ്പെടുന്നു(ന്നവർ) = يَخَافُونَ |
| കണ്ണുകളും(കൾ മറിഞ്ഞുപോവുകയും ചെയ്യുന്ന) = وَالْأَبْصَارُ ഹൃദയങ്ങൾ = الْقُلُوبُ |
| ഏറ്റവും വിശിഷ്ടമായത് = أَحْسَنَ അല്ലാഹു അവർക്ക് പ്രതിഫലമരുളുന്നതിന്ന് = لِيَجْزِيَهُمُ اللَّهُ |
| അവർ പ്രവർത്തിച്ചതിന്റെ (അവർ ചെയ്ത കർമങ്ങൾക്ക്) = مَا عَمِلُوا |
| അവരെ(ർക്ക്) വർധിപ്പിക്കുന്നതിനും (വർധിപ്പിച്ചുകൊടുക്കുന്നതിനും ആകുന്നു അവർ ഈ ചര്യ സ്വീകരിച്ചത്) = وَيَزِيدَهُمْ |
| അല്ലാഹു അനുഗ്രഹം, വിഭവം കൊടുക്കുന്നു(വല്ലോ) = وَاللَّهُ يَرْزُقُ അവന്റെ അനുഗ്രഹ(ം)ത്തിൽനിന്ന് = مِنْ فَضْلِهِ |
| കണക്കില്ലാതെ, വിചാരണ കൂടാതെ = بِغَيْرِ حِسَابٍ അവൻ ഇഛിക്കുന്നവർക്ക് = مَنْ يَشَاءُ |

മുൻസൂക്തത്തിൽ വർണിക്കപ്പെട്ട വിളക്കുമാടവും വിളക്കും വെളിച്ചവുമെല്ലാം എവിടെയാണുള്ളതെന്ന് വ്യക്തമാക്കുകയാണ്. അതന്വേഷിച്ചു വിഷമിക്കേണ്ടതില്ല. വിശ്വാസികൾ വസിക്കുന്ന എല്ലാ വീടുകളിലും അതുണ്ട്. തങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ബദ്ധപ്പാടുകളും തൊഴിൽ-വ്യാപാര ഇടപാടുകളുമൊന്നും അല്ലാഹുവിനെ ഓർക്കുന്നതിലും അവന്റെ വിശുദ്ധിയെ വാഴ്ത്തുന്നതിലും നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നതിലും കൃത്യമായി സകാത്ത് കൊടുക്കുന്നതിലും അവരെ അശ്രദ്ധരാക്കുകയില്ല. മനസ്സുകൾ ഭയവിഹ്വലമാവുകയും കണ്ണുകൾ മറിഞ്ഞുപോവുകയും ചെയ്യുന്ന മരണാനന്തര വിചാരണാനാളിനെ പേടിക്കുന്നവരാണവർ. അന്ന് അല്ലാഹു അവരുടെ സൽക്കർമങ്ങൾക്ക് അർഹിക്കുന്ന പ്രതിഫലം നൽകും. അർഹിക്കുന്നതിനു പുറമെ, അവന്റെ ഔദാര്യത്തിൽനിന്ന് ഏറെ വർധിപ്പിച്ചു കൊടുക്കുകയും ചെയ്യും. അല്ലാഹു അവനിഛിക്കുന്നവരെ കണക്കില്ലാതെ അനുഗ്രഹിക്കുന്നവനാണല്ലോ. ഇതാണ് ഈ സൂക്തങ്ങളുടെ പൊതുവും സംക്ഷിപ്തവുമായ ആശയം. ഈ സൂക്തങ്ങളിലെ വാക്കുകളെ വിവിധ ഖുർആൻ പണ്ഡിതന്മാർ വ്യത്യസ്ത രീതികളിൽ വിശകലനം ചെയ്തിരിക്കുന്നു. ചില മന്ദിരങ്ങളിൽ- في بيوت -എന്ന വാക്കിന്റെ ബന്ധം ഏതിനോടാണ് എന്നാണൊരു പ്രശ്നം. മുൻ സൂക്തം വ്യക്തമാക്കിയ മുഴുവൻ ഉപമകളോടും എന്നാണ് ഒരഭിപ്രായം. അതായത്, മുൻചൊന്ന വിളക്കുമാടവും വിളക്കും വെളിച്ചവും എണ്ണയുമെല്ലാം കാണപ്പെടുക ചില വീടുകളിലാണ്. മുൻ സൂക്തത്തിലെ വിളക്കുമാടത്തെ (مشكاة) സുമനസ്സ് (قلب سليم) ആയി കരുതുന്നവരുടെ ദൃഷ്ടിയിൽ 'മന്ദിരങ്ങളിൽ' എന്നതിന്റെ ബന്ധം അതുമായിട്ടാണ്. അതായത് വിളക്കുമാടമുള്ളത് ചില ഹൃദയങ്ങളിലാണ്. ചിലർ ബന്ധിപ്പിക്കുന്നത് കത്തിക്കപ്പെടുന്ന- يوقد -എന്നതിനോടാണ്. ചില വീടുകളിൽ അതു കത്തിക്കപ്പെടുന്നു എന്ന്. ചിലർ ബന്ധിപ്പിക്കുന്നത് വെളിച്ചത്തോട്- نور -ആണ്. അവരുടെ വീക്ഷണത്തിൽ نور കൊണ്ട് വർണിച്ചത് ഖുർആനിനെയാണ്. ചില വീടുകളിൽ വിശ്വാസികളും ഭക്തരുമായ ആളുകൾ ഖുർആൻ പാരായണം ചെയ്തുകൊണ്ടിരിക്കുന്നു എന്നാണ് താൽപര്യം. മുസ്‌ലിം ഉദ്ധരിച്ച ഈ ഹദീസ് അവരതിനു തെളിവായി ഉദ്ധരിക്കുകയും ചെയ്യുന്നു.

وَمَا اجْتَمَعَ قَوْمٌ فِي بَيْتٍ مِنْ بُيُوتِ اللَّهِ يَتْلُونَ كِتَابَ اللَّهِ وَيَتَدَارَسُونَهُ بَيْنَهُمْ إِلَّا نَزَلَتْ عَلَيْهِمُ السَّكِينَةُ وَغَشِيَتْهُمُ الرَّحْمَةُ وَحَفَّتْهُمُ الْمَلَائِكَةُ وَذَكَرَهُمُ اللَّهُ فِيمَنْ عِنْدَهُ

(അല്ലാഹുവിന്റെ വീടുകളിലൊന്നിൽ ഒത്തുകൂടി ദൈവികഗ്രന്ഥം പാരായണം ചെയ്യുകയും പരസ്പരം പഠിപ്പിക്കുകയും ചെയ്യുന്ന ജനങ്ങളിൽ സമാധാനമിറങ്ങുകയും ദൈവകാരുണ്യം അവരെ പൊതിയുകയും അല്ലാഹു അവരെക്കുറിച്ച് തന്റെ സമീപസ്ഥരോട് പറയുകയും ചെയ്യാതെ ഇല്ല). في بيوت -നെ رجال എന്നതിനോട് ബന്ധിപ്പിച്ചു വ്യാഖ്യാനിച്ചവരുമുണ്ട്. ചില വീടുകളിൽ ആളുകൾ രാപ്പകൽ അല്ലാഹുവിനെ സ്മരിച്ചുകൊണ്ടും അവന്റെ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടും വാഴുന്നു എന്ന്.

بيوت -മന്ദിരങ്ങൾ-എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഏതു മന്ദിരങ്ങളാണ് എന്നതാകുന്ന മറ്റൊരു പ്രശ്നം. അത് സാധാരണ പാർപ്പിടങ്ങളാകാം, ക്ഷേത്രങ്ങളാകാം, മസ്ജിദുകളാകാം, ചർച്ചുകളാകാം, മഠങ്ങളാകാം, സിനഗോഗുകളാകാം, ആശ്രമങ്ങളും ഖാൻ ഖാഹുകളുമാകാം. ഏകദൈവത്തെ സ്മരിക്കുകയും വാഴ്ത്തുകയും ചെയ്യുന്ന എല്ലാ മന്ദിരങ്ങളും എന്ന് കരുതുന്നതാണ് കൂടുതൽ ഉചിതം. മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളുമെല്ലാം ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന കേന്ദ്രങ്ങളാണെന്ന് 22:40 -ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവ തന്നെയാണ് ഇവിടെയും ഉദ്ദേശ്യമെന്ന് ചിലർ സിദ്ധാന്തിച്ചിരിക്കുന്നു. ഈ സൂക്തം അവതരിക്കുന്ന കാലത്ത് ഫലസ്ത്വീൻ-സിറിയൻ പ്രദേശങ്ങളിൽ അത്തരം സ്ഥാപനങ്ങൾ ധാരാളമായി ഉണ്ടായിരുന്നു. മഠങ്ങളും ആശ്രമങ്ങളും കെട്ടിപ്പടുക്കാൻ അല്ലാഹു കൽപ്പിച്ചിരുന്നില്ല. ഭക്തന്മാർ ആഗ്രഹിച്ചപ്പോൾ അല്ലാഹു അതിന് അനുമതി കൊടുക്കുകയായിരുന്നു. അതുകൊണ്ടാണ് أَذِنَ اللَّهُ أَنْ تُرْفَعَ -കെട്ടിപ്പൊക്കാൻ അല്ലാഹു അനുവദിച്ച-എന്നു പറഞ്ഞത്. ആഗ്രഹിച്ചതു ചെയ്യുന്നതിന് മേലാവിൽ നിന്ന് ലഭിക്കുന്ന അനുമതിയാണ് മൗലികമായ അർഥത്തിൽ اذن . പിന്നീടത് കൽപന, ഉത്തരവ്, വിളംബരം തുടങ്ങിയ അർഥങ്ങളിലും പ്രയോഗിച്ചു തുടങ്ങി. മൂല അർഥമാണ് ഇവിടെ ഉദ്ദേശ്യം. വിളക്കിന്റെ സ്ഥാനമായിട്ടാണല്ലോ بيت -നെ പരാമർശിക്കുന്നത്. അക്കാലത്ത് ഉയർന്ന സ്തംഭങ്ങളിൽ വിളക്കു കത്തിച്ചുവെക്കുക മഠങ്ങളുടെയും മറ്റും രീതിയായിരുന്നു. യാത്രക്കാർക്ക് ഏറെ പ്രയോജനകരമായിരുന്നു അത്തരം സ്തംഭങ്ങളും വിളക്കും. അറേബ്യൻ വ്യാപാരികൾക്ക് അതേപ്പറ്റി നല്ല പരിജ്ഞാനമുണ്ടായിരുന്നു. മുസ്‌ലിം പള്ളികളിൽ രാത്രി വിളക്കു വെക്കുന്ന സമ്പ്രദായം രണ്ടാം ഖലീഫ ഉമറി(റ)ന്റെ കാലത്താണാരംഭിച്ചത്. തമീമുദ്ദാരി എന്ന പ്രവാചക ശിഷ്യൻ സിറിയയിൽനിന്ന് ഒരു വിശേഷപ്പെട്ട വിളക്ക് കൊണ്ടുവന്ന് മസ്ജിദുന്നബവിയിൽ സ്ഥാപിച്ചതായി നിവേദനമുണ്ട്. പക്ഷേ തമീമുദ്ദാരി

ഇസ്‌ലാമിൽ വന്നത് ഈ സൂക്തം അവതരിച്ച് കുറച്ചുകാലം കഴിഞ്ഞ ശേഷം ഹിജ്‌റ 9-ാം ആണ്ടിലാണ്. ഇവിടെ സൂചിപ്പിക്കുന്ന بيوت ബൈതുൽ മഖ്ദിസിലെ പള്ളികളാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. സൂക്തം അവതരിക്കുന്ന കാലത്ത് അവിടെ കുറേ ക്രൈസ്തവ മഠങ്ങളുണ്ടായിരുന്നു. അന്ന് ക്രൈസ്തവർ പൊതുവിൽ ശുദ്ധ ഏകദൈവ വിശ്വാസികളുമായിരുന്നു എന്നും പറയപ്പെടുന്നു. അല്ലാഹു കെട്ടിപ്പടുക്കാൻ അനുവദിച്ച മന്ദിരങ്ങളിൽനിന്ന് ഇസ്‌ലാമിക മസ്ജിദുകൾ ഏതായാലും ഒഴിവാകുന്നില്ല. മുസ്‌ലിംകളുടെ മസ്ജിദുകൾ മാത്രമാണ് ഇവിടെ പരാമർശിക്കുന്ന بيوت എന്നാണ് മറ്റൊരഭിപ്രായം. അതനുസരിച്ച് رجال കൊണ്ടുദ്ദേശ്യം പള്ളിയിൽ നമസ്കരിക്കാനും ഖുർആൻ പഠനത്തിനും ദിക്ർ-തസ്ബീഹുകൾക്കും വരുന്ന വിശ്വാസികളായ മനുഷ്യരാണ്; വ്യാപാരവും മറ്റ് ഇടപാടുകളും, നമസ്കാരത്തിലും സകാത്തിലും അശ്രദ്ധരാക്കാത്തവർ. ജീവിതത്തിന്റെ എല്ലാ ബദ്ധപ്പാടുകളും ഉണ്ടായിരിക്കെത്തന്നെ ജമാഅത്ത് നമസ്കാരത്തിലും മറ്റ് ആരാധനകളിലും അവർ ദത്ത ശ്രദ്ധരായിരിക്കും. رجال ഭാഷാർഥത്തിൽ പുരുഷന്മാരാണ്. ആളുകൾ, പ്രമുഖ വ്യക്തികൾ, അതതു സംരംഭങ്ങളുടെ നായകന്മാർ എന്നൊക്കെ പ്രയോഗാർഥങ്ങളുണ്ട്. رجال الدّعوة പ്രബോധന പ്രവർത്തനത്തിന്റെ നായകന്മാരാണ്. ഇപ്പറഞ്ഞ പ്രയോഗാർഥങ്ങളിൽ സ്ത്രീപുരുഷ ഭേദമില്ല. ഇക്കാലത്ത് ചിലർ ഈ رجال പ്രയോഗം സ്ത്രീകൾക്ക് പള്ളി വിലക്കപ്പെട്ടിരിക്കുന്നു എന്നതിന് പ്രമാണമായി ഉന്നയിക്കാറുണ്ട്. വിധി ആദ്യം പ്രസ്താവിച്ച ശേഷം അതിനു തെളിവു തേടി പുറപ്പെടുന്നവർ കണ്ടെത്തുന്നതാണ് ഇത്തരം പ്രമാണങ്ങൾ. رجال -നെ അതിന്റെ ഭാഷാർഥത്തിൽ തന്നെ എടുക്കണമെന്ന് ശഠിക്കുമ്പോൾ അതിനു മുമ്പ് പറഞ്ഞ بيوت -നെയും ഭാഷാർഥത്തിൽ തന്നെ എടുക്കേണ്ടതില്ലേ? കുടുംബസമേതം രാപ്പാർക്കുന്ന ഇടം-വീട് ആണ് ഭാഷാർഥത്തിൽ വീട്. അങ്ങനെ വരുമ്പോൾ വീട്ടിലും പെണ്ണുങ്ങൾക്ക് പ്രവേശനമില്ല എന്നാണ് വന്നുചേരുക. ഖുർആൻ പുരുഷൻ എന്ന ഭാഷാർഥത്തിലും വ്യക്തി, ആൾ എന്ന പ്രയോഗാർഥത്തിലും رجل ഉപയോഗിച്ചിട്ടുണ്ട്. പുരുഷൻ എന്ന അർഥത്തിൽ ഉപയോഗിച്ചതിനുദാഹരണം: لِلرِّجَالِ نَصِيبٌ مِمَّا اكْتَسَبُوا (പുരുഷന്മാർക്ക് അവർ സമ്പാദിച്ചതിന്റെ വിഹിതമുണ്ട്-4:32), لِلرِّجَالِ نَصِيبٌ مِمَّا تَرَكَ الْوَالِدَانِ وَالْأَقْرَبُونَ (മാതാപിതാക്കളും ഉറ്റവരും അവശേഷിപ്പിച്ച ധനത്തിൽ പുരുഷന്മാർക്ക് ഒരു വിഹിതമുണ്ട്-4:7). ആളുകൾ എന്ന അർഥത്തിൽ ഉപയോഗിച്ചതിനുദാഹരണം: وَعَلَى الْأَعْرَافِ رِجَالٌ يَعْرِفُونَ كُلًّا بِسِيمَاهُمْ (മതിൽത്തലപ്പുകളിൽ ചില ആളുകളുണ്ട്. അവരെയെല്ലാം അവരുടെ ലക്ഷണങ്ങൾ കൊണ്ട് തിരിച്ചറിയാം-7:46), مَا جَعَلَ اللَّهُ لِرَجُلٍ مِنْ قَلْبَيْنِ فِي جَوْفِهِ (അല്ലാഹു ഒരാളുടെയും ഉള്ളിൽ രണ്ടു ഹൃദയങ്ങളുണ്ടാക്കിവെച്ചിട്ടില്ല-33:4). بيوت കൊണ്ടുദ്ദേശ്യം മഠങ്ങളും ചർച്ചുകളും സിനഗോഗുകളും മറ്റുമാണെന്ന വീക്ഷണക്കാർ رجال കൊണ്ടുദ്ദേശ്യം അവിടങ്ങളിലുള്ള പുരോഹിതന്മാരും സന്യാസിമാരും-الاحبار والرّهبان -ആണെന്നും കരുതുന്നു.

ഉയർത്തൽ എന്ന വാക്കർഥമുള്ള رَفْع -ൽനിന്നുള്ള കർമണിപ്രയോഗമാണ് تُرْفَعَ. കെട്ടിപ്പടുക്കുക, നിർമിക്കുക എന്ന് ഇതിന് പ്രയോഗാർഥമുണ്ട്. ഉദാ: وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ (ഇബ്റാഹീം ദൈവിക മന്ദിരത്തിന്റെ അടിത്തറ കെട്ടിപ്പടുക്കുമ്പോൾ-2:127). നിർമിക്കുക എന്നാണിവിടെയും വിവക്ഷ. മന്ദിരങ്ങൾ കൊണ്ട് വിവക്ഷിക്കുന്നത് മസ്ജിദുകളെ മാത്രമാണെന്നഭിപ്രായപ്പെടുന്നവർ أَذِنَ اللَّهُ أَنْ تُرْفَعَ എന്നതിന് നിർമിക്കാൻ അല്ലാഹു ഉത്തരവിട്ട, അല്ലെങ്കിൽ കൽപിച്ച എന്നാണർഥം നൽകുന്നത്. അല്ലാഹുവിന്റെ ഉത്തരവു പ്രകാരമാണല്ലോ ഇബ്റാഹീം (അ) കഅ്ബ നിർമിച്ചത്. അതിന്റെ അനുബന്ധങ്ങളാണ് ലോകത്തുള്ള എല്ലാ മസ്ജിദുകളും. നിർമിക്കാൻ അല്ലാഹു കൽപിച്ചിട്ടില്ലാത്ത, അല്ലെങ്കിൽ അല്ലാഹുവിന്റെ കൽപന പ്രകാരം നിർമിച്ചതല്ലാത്ത ദേവാലയങ്ങളും വിഗ്രഹസന്നിധാനങ്ങളും മറ്റു ബഹുദൈവാരാധനാ കേന്ദ്രങ്ങളുമെല്ലാം ഈ بيوت -ൽനിന്ന് ഒഴിവാകുന്നു. അവയിലൊന്നും ഇവിടെ സൂചിപ്പിച്ച വിളക്കുമാടമോ വിളക്കോ വെളിച്ചമോ ഉണ്ടാവില്ല. ദൈവഹിതപ്രകാരം നിർമിതമായ മന്ദിരങ്ങളിൽ വസിക്കുന്ന സുമനസ്സുകളുടെ ജീവിതത്തിൽ ഖുർആനാകുന്ന വിളക്കിന്റെ വെളിച്ചം ചെലുത്തുന്ന സ്വാധീനം പ്രകാശിപ്പിക്കുകയാണ് يُسَبِّحُ لَهُ മുതൽ وَالْآصَالِ വരെയുള്ള വാക്കുകൾ. അവരുടെ വിചാരവും വാക്കും കർമങ്ങളുമെല്ലാം ദൈവബോധത്താൽ ശുദ്ധീകരിക്കപ്പെടുന്നു. തസ്ബീഹ് വചനത്തെയും, ذكر വിചാരത്തെയും, നമസ്കാരവും നോമ്പും കർമത്തെയും പ്രതിനിധീകരിക്കുന്നു. ذكر الله -യിൽനിന്ന് ഉത്ഭൂതമാകുന്നതാണ് തസ്ബീഹും നമസ്കാരവും സകാത്തുമൊക്കെ. يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَالْآصَالِ എന്ന വാക്യത്തിന്റെ താൽപര്യം രാവിലെയും വൈകുന്നേരവും പ്രത്യേകം തസ്ബീഹ് ചെയ്യുന്നു എന്നാവാം. രാപ്പകൽ തസ്ബീഹ് ചെയ്തുകൊണ്ട് വാഴുന്നു എന്നുമാകാം. ജീവിത ഇടപാടുകളൊന്നും അവരെ നമസ്കാരത്തിലും സകാത്തിലും ദൈവസ്മരണയിലും അശ്രദ്ധരാക്കുന്നില്ല എന്നതിനർഥം അവർ സദാ ദൈവവിചാരമുള്ളവരായിരിക്കുമെന്നും ബോധാവസ്ഥയിൽ അവരൊരിക്കലും അല്ലാഹുവിനോടുള്ള ഭക്തിയിൽനിന്നും വിധേയത്വത്തിൽനിന്നും മുക്തരാകുന്നില്ല എന്നുമാണ്. ദൈവിക മന്ദിരങ്ങളിലെത്തി ഈമാനിന്റെയും ഖുർആന്റെയും വെളിച്ചമുൾക്കൊള്ളുന്നവരെ കച്ചവടവും കൊള്ളക്കൊടുക്കയും ദൈവസ്മരണയിൽനിന്ന് അശ്രദ്ധരാക്കുന്നില്ല എന്ന വാക്യം പ്രത്യേകം ശ്രദ്ധേയമാകുന്നു. അവരൊന്നും കച്ചവടത്തിലോ ഇതര ജീവിത വ്യവഹാരങ്ങളിലോ ഇടപെടാത്തവരും സംസാര ജീവിതം വെടിഞ്ഞവരുമാണെന്നല്ല പറയുന്നത്. മനുഷ്യന്റെ എല്ലാ ജീവിത വ്യവഹാരങ്ങളും ദൈവബോധത്തിലധിഷ്ഠിതമായിരിക്കണമെന്നാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ഭൗതിക വ്യവഹാരങ്ങളിൽ ലയിച്ച് ദൈവത്തെ മറക്കാൻ പാടില്ല. ദൈവാരാധനയിൽ ലയിച്ച് ഭൗതിക വ്യവഹാരങ്ങളത്രയും വർജിക്കാനും പാടില്ല. ഭൗതിക ജീവിതത്തെ അതിന്റെ എല്ലാ നല്ല അർഥങ്ങളിലും അനുഭവിച്ചുകൊണ്ട് അല്ലാഹുവിനെ ആരാധിച്ചുകൊണ്ടിരിക്കുക, ആരാധനകളും അനുഷ്ഠാനങ്ങളും പൂർണമായ രീതിയിൽ നിർവഹിച്ചുകൊണ്ട് ഭൗതിക ജീവിതത്തോടുള്ള ഉത്തരവാദിത്തങ്ങളും നിറവേറ്റുക; അതാണ് ഇസ്‌ലാം. ഭൗതിക ജീവിതം എങ്ങനെയായിരിക്കണമെന്ന് അല്ലാഹു വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. ആ നിർദേശങ്ങളനുസരിച്ചുകൊണ്ട് ഭൗതിക വ്യവഹാരങ്ങളിലേർപ്പെടുമ്പോൾ അതും ദൈവാരാധനയായിത്തീരുന്നു.

لَا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ എന്ന വാക്യത്തിലെ تِجَارَةٌ -ഉം

بَيْعٌ -ഉം പര്യായ പദങ്ങളാണ്. ചരക്കുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുക. എങ്കിലും ആദ്യത്തേത് പൊതുവായിട്ടുള്ളതും രണ്ടാമത്തേത് പരിമിതമായതുമാണ്. വ്യാപാരവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനവും تِجَارَةٌ -ൽ പെടുന്നു. ചരക്കു വിൽക്കലും വാങ്ങലും മാത്രമാണ് بَيْعٌ. കർമശാസ്ത്രത്തിൽ വ്യാപാരനിയമങ്ങൾ വിശദീകരിക്കുന്ന അധ്യായം كتاب البيع ആണ്. വ്യാപാരത്തെ പൊതുവായി പരാമർശിച്ച ശേഷം വാങ്ങലിനെയും വിൽക്കലിനെയും പ്രത്യേകം എടുത്തുപറഞ്ഞിരിക്കുകയാണിവിടെ. കച്ചവടക്കാരന് തന്റെ ചരക്ക് ലാഭകരമായി വിൽക്കാനോ മറ്റൊരാളുടെ ചരക്ക് ലാഭകരമായി കൊള്ളാനോ പറ്റുന്ന നല്ല കോളു കിട്ടിയാൽ അതു പാഴാക്കാൻ ഒട്ടും ഇഷ്ടപ്പെടുകയില്ല. എന്നാൽ സത്യസന്ധമായ ദൈവവിശ്വാസവും ഭക്തിയുമുള്ള കച്ചവടക്കാരനെ അത്തരം സന്ദർഭങ്ങളിലുണരുന്ന ധനമോഹവും ലാഭേഛയും പോലും ദൈവസ്മരണയിൽ അശ്രദ്ധനാക്കുകയില്ല. മറിച്ച് അല്ലാഹുവിനെ ഓർത്ത്, അവന്റെ വിധിവിലക്കുകൾ പൂർണമായി പാലിച്ചുകൊണ്ടായിരിക്കും അയാൾ പെരുമാറുക.

ഇവിടെ നമസ്കാരവും സകാത്തും ദൈവിക ദീൻ അനുശാസിക്കുന്ന അടിസ്ഥാന കർത്തവ്യങ്ങളായിട്ടാണ് പരാമർശിച്ചിരിക്കുന്നത്. ആഴത്തിൽ ആലോചിച്ചാൽ മറ്റെല്ലാ ദീനീകർത്തവ്യങ്ങളും ഈ രണ്ടു കർത്തവ്യങ്ങളുടെ അനുബന്ധങ്ങളാണെന്നു കാണാം.

يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ എന്ന വാക്യം അന്ത്യനാളിന്റെയും വിചാരണാസഭയുടെയും ഭീകരതയെ വർണിക്കുകയാണ്. ഈ ദിനത്തിന്റെ ആഗമനം നിഷേധിച്ചവരും അവഗണിച്ചവരും അന്ന് ഭീതിയാൽ അന്ധാളിച്ചുപോകുന്നു. ഭയവിഹ്വലത അവരുടെ തുറിച്ചുമറിയുന്ന കണ്ണുകളിലൂടെ പ്രകടമാകും.

ഭീകരമായ വിചാരണാനാളിനെ ഭയപ്പെട്ടുകൊണ്ട് അവർ ഈ കർമങ്ങളനുഷ്ഠിക്കുന്നത് അവരുടെ നന്മകൾക്കെല്ലാം അല്ലാഹു ഉചിതമായ ഫലം നൽകുമെന്നും അതിലുപരി അനുഗ്രഹം ചൊരിഞ്ഞു കൊടുക്കുമെന്നും ആശിച്ചുകൊണ്ടാണെന്ന് വ്യക്തമാക്കുകയാണ് لِيَجْزِيَهُمُ اللَّهُ أَحْسَنَ مَا عَمِلُوا وَيَزِيدَهُمْ مِنْ فَضْلِهِ എന്ന വാക്യം. لِيَجْزِيَهُمُ എന്നതിലെ لِ ശബ്ദം കാരണസൂചകം അല്ല, അനന്തരഫലത്തെ സൂചിപ്പിക്കുന്നതാണ് എന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. അതായത് അവർ വിചാരണാദിനത്തെ ഭയപ്പെട്ട് മേൽ പറഞ്ഞ കർമരീതി കൈക്കൊണ്ടതിന്റെ പരിണതി അല്ലാഹുവിങ്കൽനിന്ന് സമുചിതമായ കർമഫലവും അതിലുപരി വർധിച്ച പാരിതോഷികവുമാകുന്നു. അവരുടെ തസ്ബീഹിനും ദിക്റിനും നമസ്കാരത്തിനും സകാത്തിനുമൊക്കെ കാരണമായത് ഖുർആനിലുള്ള വിശ്വാസവും അതിൽനിന്ന് ലഭിച്ച വെളിച്ചവും അല്ലാഹുവിനോടുള്ള ഭയഭക്തിയും സ്നേഹവുമാകുന്നു. രണ്ടു വ്യാഖ്യാനത്തിന്റെയും സാരാംശം ഒന്നു തന്നെയാണ്. وَاللَّهُ يَرْزُقُ مَنْ يَشَاءُ بِغَيْرِ حِسَابٍ എന്ന വാക്യം لِيَجْزِيَهُمُ اللَّهُ... എന്ന വാക്യത്തിന്റെ അനുബന്ധമാണ്. അതായത് ഇങ്ങനെയുള്ള ആളുകൾ അല്ലാഹു അർഹിക്കുന്ന പ്രതിഫലവും അതിലധികവും നൽകാൻ ഉദ്ദേശിക്കുന്നവരുടെ ഗണത്തിൽ പെട്ടവരാകുന്നു. കണക്കില്ലാതെ- بِغَيْرِ حِسَابٍ -എന്നതിന്റെ താൽപര്യം നിങ്ങൾ മനുഷ്യർക്ക്, അല്ലെങ്കിൽ ആ സജ്ജനങ്ങൾക്ക് കണക്കു കൂട്ടാനാവാത്തത്ര വിപുലവും മഹത്തരവുമായ വിഭവങ്ങൾ എന്നാണ്. പരലോകത്ത് വിചാരണ കൂടാതെ സ്വർഗം നൽകും എന്നാണാശയമെന്നും ഒരു വ്യാഖ്യാനമുണ്ട്. ബൈഹഖിയും ഇബ്നുമർദവൈഹിയും നബി (സ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്ന ഒരു നിവേദനമാണതിനാധാരം: ''അന്ത്യനാളിൽ മനുഷ്യരെയെല്ലാം ഒരു മൈതാനിയിൽ ഒരുമിച്ചുകൂട്ടി വിളംബരം ചെയ്യും: 'സുഖത്തിലും ദുഃഖത്തിലും അല്ലാഹുവിനെ സ്തുതിച്ചവർ എവിടെ?' അക്കൂട്ടർ മുന്നോട്ടുവരും. അവർ കുറച്ചു ആളുകളേ ഉണ്ടാകൂ. അവർ വിചാരണ കൂടാതെ സ്വർഗത്തിൽ കടക്കുന്നു. അനന്തരം വീണ്ടും വിളംബരം ഉണ്ടാകുന്നു: 'നമസ്കാരത്തിനു വേണ്ടി നിദ്രാ ശയ്യയിൽനിന്ന് വശങ്ങൾ അടർന്നുപോയിരുന്നവരെവിടെ?' അക്കൂട്ടർ മുന്നോട്ടുവരും, അവരും കുറച്ചാളുകളേ ഉണ്ടാകൂ. അവരും വിചാരണ കൂടാതെ സ്വർഗത്തിൽ കടക്കുന്നു. വീണ്ടും വിളിയാളമുണ്ടാകുന്നു: 'വ്യാപാരവും കൊള്ളകൊടുക്കയും ദൈവസ്മരണയിൽനിന്ന് അശ്രദ്ധരാക്കാത്തവരെവിടെ?' അവർ മുന്നോട്ടുവരുന്നു. അവരും കുറച്ചാളുകളേ ഉണ്ടാകൂ. വിചാരണ കൂടാതെ അവരും സ്വർഗത്തിൽ കടക്കുന്നു. അനന്തരം മറ്റു ജനങ്ങളെല്ലാം മുന്നോട്ടുവരികയും വിചാരണ ചെയ്യപ്പെടുകയും ചെയ്യുന്നു.'' ■